കേരളസർക്കാർ
**വിദ്യാഭ്യാസവകുപ്പ്**

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം**

# നാഷണൽ മീൻസ് കം മെരിറ്റ് സ്കോളർഷിപ്പ് എക്സാമിനേഷൻ (NMMS പരീക്ഷ) 2015 - 2016

കേരളത്തിലെ ഗവൺമെന്റ്/ എയ്ഡഡ് സ്കൂളുകളിലെ എട്ടാം ക്ലാസ് വിദ്യാർത്ഥികൾക്കായി എസ്.സി.ഇ.ആർ.ടി നാഷണൽ മീൻസ് കം മെരിറ്റ് സ്കോളർഷിപ്പ് യോഗ്യതാ പരീക്ഷ നടത്തുന്നു. നവംബർ മാസം എട്ടിന് നടക്കുന്ന പരീക്ഷയ്ക്ക് ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കാം. എസ്.സി.ഇ.ആർ.ടിയുടെ വെബ്സൈറ്റിൽ (www.scert.kerala.gov.in) വിശദാംശങ്ങൾ ലഭ്യമാണ്.

### NMMS പരീക്ഷയ്ക്ക് അപേക്ഷിക്കുവാനുള്ള യോഗ്യതകൾ

കേരളത്തിലെ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ 2015 - 16 അധ്യയനവർഷം **എട്ടാം ക്ലാസിൽ** കേരള സ്റ്റേറ്റ് സിലബസിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് മാത്രമെ NMMS സ്കോളർഷിപ്പ് പരീക്ഷയിൽ പങ്കെടുക്കുവാൻ അർഹതയുള്ളൂ.

2014 - 15 അധ്യയന വർഷത്തിൽ 7-ാം ക്ലാസിലെ വർഷാവസാന പരീക്ഷയിൽ 55% മാർക്കിൽ കുറയാതെ നേടിയിട്ടുള്ളവരും രക്ഷകർത്താക്കളുടെ **പ്രതിവർഷ വരുമാനം 1,50,000/- ൽ** കൂടാത്തവരുമായ വിദ്യാർഥികൾക്ക് സംസ്ഥാനതല പരീക്ഷയിൽ പങ്കെടുക്കാവുന്നതാണ്.

രക്ഷിതാക്കളുടെ വാർഷിക വരുമാനം 1,50,000/- രൂപയിൽ കുറവായിരിക്കണം. ഇത് തെളിയിക്കുന്നതിന് അതാത് വില്ലേജ് ഓഫീസറിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ് Online-ൽ അപേക്ഷിച്ച ശേഷം എസ്.സി.ഇ.ആർ.ടി. ഓഫീസിലേക്ക് അയക്കേണ്ടതാണ്.

### അപേക്ഷിക്കേണ്ട രീതി

NMMS പരീക്ഷയ്ക്ക് **ഓൺലൈൻ വഴിയാണ് അപേക്ഷകൾ** അയക്കേണ്ടത്.

ആധാർ നമ്പർ ഇല്ലാത്ത കുട്ടികൾ അവരുടെ സ്കൂൾ അഡ്മിഷൻ നമ്പർ എന്റർ ചെയ്യേണ്ടതാണ്.

അപേക്ഷാ ഫോറത്തിൽ തിരുത്തലുകൾ വരുത്തണമെന്നുണ്ടെങ്കിൽ 'Online application editing' ക്ലിക്ക് ചെയ്ത് ആപ്ലിക്കേഷൻ ഐ.ഡി. യും ആപ്ലിക്കേഷൻ നമ്പരും എന്റർ ചെയ്ത് തിരുത്താവുന്നതാണ്.

ആപ്ലിക്കേഷൻ പൂരിപ്പിച്ചശേഷം Submit ക്ലിക്ക് ചെയ്ത് print out (hard copy) എടുക്കുക. ആപ്ലിക്കേഷൻ ഫോം അവസാനമായി confirm ചെയ്യേണ്ടതാണ്. ഹാർഡ് കോപ്പിയുടെ ഒരു ഫോട്ടോസ്റ്റാറ്റ് കോപ്പി കുട്ടികൾ സൂക്ഷിക്കണം.

**ആപ്ലിക്കേഷൻ ID യും ആപ്ലിക്കേഷൻ നമ്പരും തുടർന്നുള്ള ആവശ്യങ്ങൾക്കായി സൂക്ഷിച്ച് വയ്ക്കേണ്ടതാണ്.**

ഹാർഡ് കോപ്പിയിൽ ഹെഡ്മാസ്റ്റർ അറ്റസ്റ്റ് ചെയ്തശേഷം, വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ കോപ്പി സഹിതം താഴെ പറയുന്ന വിലാസത്തിൽ അയയ്ക്കണം. സ്കൂൾ അധികൃതർ ഇത് ഉറപ്പാക്കണം.

SC/ST വിഭാഗത്തിൽപ്പെട്ട കുട്ടികൾ അവരുടെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പി അറ്റസ്റ്റ് ചെയ്ത് ഹാർഡ് കോപ്പിയോടൊപ്പം അയക്കേണ്ടതാണ്.

അംഗവൈകല്യമുള്ള കുട്ടികൾ (PH) 40% ത്തിൽ കൂടുതൽ അംഗവൈകല്യം ഉണ്ടെന്ന് തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് അറ്റസ്റ്റ് ചെയ്ത് ഹാർഡ് കോപ്പിയോടൊപ്പം അയച്ചുതരേണ്ടതാണ്.

ഒക്ടോബർ 16 മുതൽ ആപ്ലിക്കേഷൻ ഐ.ഡി.യും ആപ്ലിക്കേഷൻ നമ്പറും എന്റർ ചെയ്ത് ഹാൾടിക്കറ്റുകൾ ഓൺലൈനായി എടുക്കാവുന്നതാണ്. ഇതിന് ആപ്ലിക്കേഷൻ ഐ.ഡി.യും ആപ്ലിക്കേഷൻ നമ്പറും കൃത്യമായി അറിഞ്ഞിരിക്കേണ്ടതാണ്. അതിനാൽ എല്ലാ കുട്ടികളും ഹാർഡ്കോപ്പിയുടെ ഒരു ഫോട്ടോസ്റ്റാറ്റ് കോപ്പി സൂക്ഷിക്കേണ്ടതാണ്.

**NMMS പരീക്ഷക്ക് അപേക്ഷാ ഫീസില്ല.**

**ഹാർഡ് കോപ്പികൾ എസ്.സി.ഇ.ആർ.ടി. ഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി 25 സെപ്റ്റംബർ 2015.**

ഹാർഡ് കോപ്പി അയക്കേണ്ട മേൽവിലാസം:

**The Liaison Officer**
NMMS Examination
SCERT, Poojappura,
Thiruvananthapuram - 12

**പരീക്ഷാ നടപടിക്രമം**

90 മിനിട്ട് വീതമുള്ള രണ്ട് പാർട്ടുകളായിട്ടാണ് ടെസ്റ്റ് നടത്തുന്നത്. അതിൽ **ഒന്നാം പാർട്ടിൽ** Scholastic Aptitude Test (SAT) ഭാഷേതര വിഷയങ്ങളായ സാമൂഹ്യശാസ്ത്രം, അടിസ്ഥാന ശാസ്ത്രം, ഗണിതം എന്നിവയിൽ നിന്ന് **90 വസ്തുനിഷ്ഠ** ചോദ്യങ്ങൾ ഉണ്ടായിരിക്കും.

**രണ്ടാം പാർട്ടിൽ** Mental Ability Test (MAT) മനോനൈപുണി പരിശോധിക്കുന്ന **90 വസ്തുനിഷ്ഠ** ചോദ്യങ്ങളും ഉണ്ടായിരിക്കും.

രണ്ട് പാർട്ടിലേയും ഓരോ ചോദ്യത്തിനും ഓരോ മാർക്ക് വീതമാണ് നൽകുന്നത്.

**ഒന്നാം പാർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളവ**

ഈ അധ്യയന വർഷത്തിൽ കേരള സിലബസ് അനുസരിച്ചുള്ള എട്ടാം ക്ലാസിലെ പാഠഭാഗങ്ങൾ. താഴ്ന്ന ക്ലാസുകളിൽ പഠിച്ചിട്ടുള്ളതും പ്രസ്തുത വിഷയം മനസ്സിലാക്കുന്നതിന് ഒഴിവാക്കാൻ കഴിയാത്തതുമായ ഭാഗങ്ങൾ.

പരീക്ഷാർഥികൾ ഒന്നാം പാർട്ടിലെ ഉത്തരങ്ങൾ ആദ്യം എഴുതേണ്ടതാണ്. ഒരു മണിക്കൂർ ഇടവേളക്ക് ശേഷം രണ്ടാം പാർട്ടിലെ ഉത്തരം എഴുതണം.

ഏത് ഭാഷയിലുള്ള ചോദ്യപേപ്പറാണ് വേണ്ടതെന്ന് ഓൺലൈൻ അപേക്ഷയിൽ രേഖപ്പെടുത്തണം. ഇംഗ്ലീഷ്, മലയാളം, തമിഴ്, കന്നട മീഡിയം ചോദ്യങ്ങളിൽ ഏതും തെരഞ്ഞെടുക്കാം.

**പരീക്ഷാ തീയതി: 08.11.2015.**

(i) Part I: SAT

| | |
|---|---|
| 9 am to 10.30 am | എല്ലാ പരീക്ഷാർഥികൾക്കും |
| 9 am to 11.00 am | ശാരീരിക വൈകല്യം ഉള്ളവർക്ക് |

(ii) Part II: MAT

| | |
|---|---|
| 11.30 am to 01.00 pm | എല്ലാ പരീക്ഷാർഥികൾക്കും |
| 11.30 am to 01.30 pm | ശാരീരിക വൈകല്യം ഉള്ളവർക്ക് |

(ഒപ്പ്)

**ഡയറക്ടർ**